## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *32

29/05/2019 ൽ മറുപടിക്ക്

### പട്ടുവസ്ത്രനിർമ്മാണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. കെ. രാജൻ | | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) പട്ടുവസ്ത്രനിർമ്മാണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ പുഴിക്കുന്നും, ബാലരാമപുരത്തും, പാലക്കാട് ജില്ലയിൽ ചിതലിയിലും കണ്ണൂർ ജില്ലയിൽ കണ്ടോത്തും സിൽക്ക് നെയ്ത്ത് നടന്നുവരുന്നു. 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 50 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. |
| (ബി) പട്ടുനൂൽ വസ്ത്രനിർമ്മാണത്തിനായി 2015-ൽ കേന്ദ്രാനുമതി ലഭ്യമായ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;<br><br>(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് നേരിടുന്ന തടസ്സം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | 05/08/15 ലെ GO/MS No.109/15/ID നമ്പർ ഉത്തരവ് പ്രകാരം സെറിഫെഡിന്റെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. സെറിഫെഡിന്റെ പട്ടുവ്യവസായ പുനഃസംഘടന പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. വ്യവസായ വകുപ്പ് മന്ത്രി 16/05/17 ന് ഒരു യോഗം വിളിച്ചുചേർത്തിരുന്നു. കേന്ദ്രസർക്കാർ അനുവദിക്കുന്ന സഹായധനം നഷ്ടപ്പെട്ടുപോകുന്ന അവസ്ഥ അനുവദിക്കുന്നതല്ലെന്നും പരമാവധി കേന്ദ്രസഹായം ലഭ്യമാക്കി പട്ടുവ്യവസായ വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ബഹു. മന്ത്രി അറിയിക്കുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സെറിഫെഡിന്റെ പട്ടുവ്യവസായ പുനഃസംഘടനാ പരിപാടി നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹു. മന്ത്രിയുടെ ഉത്തരവിൻ പ്രകാരം |

05/07/2017 ന ചീഫ് സെക്രട്ടറി ഒരു അവലോകനയോഗം ചേർന്നിരുന്നു. കേരളത്തിന് ആവശ്യമായ കൊക്കൂൺ ഉൽപ്പാദിപ്പിക്കുന്നതിനായി വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ കർണ്ണാടകയിൽ നിന്നും വേണ്ടത്ര കൊക്കൂൺ വാങ്ങി സംസ്കരിച്ച് കർണ്ണാടകത്തിൽ തന്നെ വിൽക്കുവാനും പട്ടുവസ്ത്രങ്ങളുടെ മാർക്കറ്റ് കണക്കിലെടുത്ത് പട്ടു സാരി നെയ്ത്തിനായി Post reeling activities മുഴുവനായും സംസ്ഥാനത്തു തന്നെ ചെയ്യുവാൻ നടപടി സ്വീകരിക്കുമെന്നും എന്നാൽ ഗവൺമെന്റ് പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള Project report ൽ ഇതൊന്നും പ്രതിപാദിച്ചു കാണാത്തതിനാൽ ഒരു തീരുമാനം കൈക്കൊള്ളും മുൻപ് കേരളത്തിൽ പട്ടുവസ്ത്രം നെയ്യുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതുണ്ടെന്നും യോഗത്തിൽ തീരുമാനിച്ചു. സംസ്ഥാനത്ത് പട്ടുനൂൽ വസ്ത്രവ്യവസായത്തിന്റെ സാദ്ധ്യത സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിനായി കേന്ദ്രസിൽക്ക് ബോർഡ് പ്രതിനിധി, സെറിഫെഡ് പ്രതിനിധി, ഹാൻടെക്സ് & ടെക്സ്റ്റയിൽസ് ഡയറക്ടർ എന്നിവരുൾപ്പെട്ട ഒരു മൂന്നംഗ സമിതിയെ നിയോഗിച്ചിരുന്നുവെങ്കിലും മേൽ റിപ്പോർട്ട് ഇതുവരെ സർക്കാരിൽ ലഭ്യമായില്ല.

| | |
|---|---|
| (ഡി) ലക്ഷങ്ങൾക്ക് തൊഴിൽ നല്കാൻ സഹായകമായ ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) പുതുക്കിയ പ്രോജക്ട് റിപ്പോർട്ടും അതുപ്രകാരമുള്ള കേന്ദ്രസിൽക്ക് ബോർഡിൽ നിന്നുള്ള ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ